പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം

231 (1654) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ പദ്ധതിചെലവിലെ നാളിതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ എത്ര രൂപയുടെ പദ്ധതി ചെലവാണ് ആസൂത്രണം ചെയ്തിരുന്നതെന്നും എത്ര രൂപയുടെ വിനിയോഗം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പദ്ധതിയുടെ നിർവ്വഹണത്തിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 4-3-2015-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം പഞ്ചായത്തുകളുടെ പദ്ധതി ചെലവ് പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

(ബി) ഗ്രാമ പഞ്ചായത്തുകൾ 279219.58 ലക്ഷം രൂപയുടെ പദ്ധതിയാണ് ആസൂത്രണം ചെയ്തിരുന്നത്. ഇതിൽ 142091.63 ലക്ഷം രൂപയുടെ വിനിയോഗം നടത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ 67767.18 ലക്ഷം രൂപയുടെ പദ്ധതി ആസൂത്രണം ചെയ്തതിൽ 38875.48 ലക്ഷം രൂപയുടെ വിനിയോഗം നടത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകൾ 85636.93 ലക്ഷം രൂപയുടെ പദ്ധതിയാണ് ആസൂത്രണം ചെയ്തിരുന്നത്. ഇതിൽ 38162.89 ലക്ഷം രൂപയുടെ വിനിയോഗം നടത്തിയിട്ടുണ്ട്.

(സി) പദ്ധതിയുടെ നിർവ്വഹണത്തിൽ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

പഞ്ചായത്തുകളുടെ പദ്ധതിച്ചെലവ്

232 (1655) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളുടെ പദ്ധതിച്ചെലവ് സംബന്ധിച്ച് ഏറ്റവും അവസാനം അവലോകനം നടത്തിയത് എന്നാണ് ;

(ബി) ഇപ്രകാരം ആകെ എന്ത് തുക ചെലവഴിച്ചു, ഇതിൽ തുടർപദ്ധതികളുടെ ചെലവ് എത്രയെന്ന് പ്രത്യേകം ലഭ്യമാക്കാമോ ;

(സി) തുടർപദ്ധതിയിൽ ഉൾപ്പെടുത്തിയതിനുശേഷം തിരിച്ചടച്ച തുക സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4-3-2015-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം പഞ്ചായത്തുകളുടെ പദ്ധതി ചെലവ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്.

(ബി) പഞ്ചായത്തുകൾ 142091.63 ലക്ഷം രൂപ ചെലവഴിച്ചു തുടർ പദ്ധതികൾക്കായി 25491.24 ലക്ഷം രൂപ ചെലവഴിച്ചു

(സി) തുടർപദ്ധതിയിൽ ഉൾപ്പെടുത്തിയശേഷം തുക തിരിച്ചടച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

പത്തിയൂർ ഗ്രാമപഞ്ചായത്തിലെ ഒഴിവുകൾ

233 (1656) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ളി മണ്ഡലത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി, അസ്സിസ്റ്റന്റ് സെക്രട്ടറി, സൂപ്രണ്ട് എന്നിവർ ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ സുഗമായ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെങ്കിലും ജീവനക്കാർ പഞ്ചായത്തിന്റെ അറിവില്ലാതെ അവധിയിൽ പ്രവേശിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

പുനലൂർ മണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം

234 (1659) ശ്രീ. കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ, നിലവിൽ ജോലി ചെയ്യുന്നവർ, ഒഴിവുള്ളവ എന്നിവ ഇനം തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly